23105672

QP CODE: 23105672

Reg No : ....................

Name : ....................

# B.A DEGREE (CBCS) REGULAR / REAPPEARANCE EXAMINATIONS, MARCH 2023

## Sixth Semester

## CORE COURSE - ML6CRT10 - PRACHEENA SAAHITHYAM

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

C80ADDCF

Time: 3 Hours | Max. Marks : 80

*Instructions to Private candidates only: This question paper contains two sections. Answer SECTION I questions in the answer-book provided. SECTION II, Internal Examination questions must be answered in the question paper itself. Follow the detailed instructions given under SECTION II*

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.*

1. രാമചരിതം കണ്ടെടുത്ത് ആ പേര് നല്കിയതാര് ?
2. "അരുൾമിന്നും തവം പൊലിന്തോരഗത്തിയെൻ
   കുടിയിരിക്കും വര..... "വിവരിക്കുക.
3. തരിസാപ്പള്ളി ശാസനത്തെപ്പറ്റി കുറിപ്പു തയ്യാറാക്കുക.
4. യോഗമില്ലാതിരുന്നിട്ടും ആലത്തൂർ മണിപ്രവാളം മണിപ്രവാളമായി പരിഗണിക്കപ്പെട്ടതെന്ത് ?
5. തിരുനിഴൽ മാല ഒരു തെക്കൻ കൃതിയാണെന്ന് പറയാൻ കാരണമെന്ത് ?
6. 'മുക്തോദൈവാൽ ..... ' ദൈവഗത്യാ നായകൻ രക്ഷപ്പെട്ടതെങ്ങനെ?
7. മാധവപ്പണിക്കർ മലയാളത്തിന് നല്കിയ കൃതികൾ ഏതെല്ലാം ?
8. ചമ്പു ഗദ്യം നമ്പ്യാരെ സ്വാധീനിച്ചിട്ടുണ്ട് എന്നു പറയാൻ കാരണമെന്ത് ?
9. കണ്ണശ്ശകവികൾ ആരെല്ലാം ?
10. "വായുഭഗവാന് പുത്രനായ ഭീമസേനന് കുശലമോ ? " - സൂചിതമെന്ത് ?

11. ചന്ദ്രോത്സവത്തിൽ പരാമർശിക്കുന്ന പ്രാചീനകവികൾ ആരെല്ലാം.?

12. "നിഘണ്ടുവിനും വ്യാകരണത്തിനും പ്രയോഗംതന്നെയാണല്ലോ മൂലം" - വിവരിക്കുക.

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.*

13. ഇംഗ്ലീഷ് കവിതയുടെ പിതാവാണ് ചോസർ. ഭാഷാശൈലിയെ മുൻനിർത്തി മലയാളത്തിലെ ചോസർ എന്ന് രാമചരിതകാരനെ വിളിക്കുന്നതിലെ സാംഗത്യമെന്ത് ?

14. രാമചരിതത്തിന്റെ കാലം, കൃതിയുടെ ഘടന ഇവ വിവരിക്കുക.

15. ഉണ്ണിച്ചിരുതേവീചരിതത്തിന് ഭാഷാചരിത്രത്തിലുള്ള പ്രാധാന്യമെന്ത് ?

16. ലഘുവിവരണം നല്കുക- ഭാഷാനൈഷധം ചമ്പു.

17. "നന്മുല്ല തന്നുടെ തേനുണ്ടകാർവണ്ടു-
നാമുല്ല തീണ്ടുമോ നാരിമാരേ" - സൂചിതം വ്യക്തമാക്കുക.

18. "മാരീചനും ഞമപുരി പുക്കാൻ" - സന്ദർഭം വിവരിക്കുക.

19. "മുന്നെയിതുവരുമെന്നുമേടം ....." മണ്ഡോദരി ഇപ്രകാരം പറയാൻ കാരണമെന്ത് ?

20. ദൂതവാക്യം ഗദ്യം ഭാഷാപഠനത്തിൽ വഹിക്കുന്ന സ്ഥാനമെന്ത് ?

21. ഭാഷാരാമായണം ചമ്പുവിനേക്കാൾ എത്രയോ ഉയർന്നപടിയിലാണ് കണ്ണശ്ശരാമായണത്തിലെ ഭാവനാലോകം.- വിമർശനം തയ്യാറാക്കുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. പാട്ടിന്റെ ലക്ഷണം എത്രത്തോളം രാമചരിതത്തിന് യോജിക്കുന്നു - നിരൂപണം ചെയ്യുക.

23. രാമചരിതത്തിൽനിന്നും തിരുനിഴൽമാലയിലെത്തുമ്പോൾ ഭാഷയ്ക്കുണ്ടാകുന്ന മാറ്റങ്ങൾ പഠനവിധേയമാക്കുക.

24. ആറന്മുളഗ്രാമത്തിന്റെ അഴകുവർണ്ണന കവിയുടെ പ്രതിഭ വിളിച്ചോതുന്നതാണ്- നിരൂപണം ചെയ്യുക.

25. സാംസ്കാരികപഠനത്തിന് ലഭിച്ച അമൂല്യനിധിയാണ് ഉണ്ണുനീലീ സന്ദേശം - നിരൂപണം ചെയ്യുക.

(2×15=30)